പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

...................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2113

16.08.2017 - ൽ മറുപടിക്ക്.

## പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

..............................

ചോദ്യം

ശ്രീ. മുഹമ്മദ് മുഹസിൻ പി.

മറുപടി

**ശ്രീ. എ. സി. മൊയ്തീൻ**

**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) വ്യവസായ വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുണ്ടോ എന്നറിയിക്കാമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) : വ്യവസായ വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ കൊപ്പം വില്ലേജിൽ 9.53 ഏക്കർ വ്യവസായ ഭൂമി ഉണ്ട്. ഇതിൽ 6.53 ഏക്കർ ഭൂമി അമ്പതോളം കുടുംബങ്ങൾ അനധികൃതമായി കയ്യേറിയിരിക്കുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ അധികാരികളെയും പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തി യോഗം ചേർന്ന് ചർച്ചകൾ നടത്തിയെങ്കിലും ലക്ഷ്യം ഫലവത്തായില്ല. വിവിധ സംരംഭങ്ങൾക്കനുവദിച്ചിട്ടും യൂണിറ്റ് ആരംഭിക്കാതിരുന്ന 3 ഏക്കർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമി പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി വ്യവസായ ഭൂമിയ്ക്കായി അപേക്ഷിച്ച 75 സംരംഭകരുടെ മുൻഗണനാപട്ടിക നിലവിലുണ്ട്. പ്രസ്തുത അപേക്ഷകർക്ക് ഭൂമി അനുവദിക്കുന്നതിന് 26.52 ഏക്കർ വ്യവസായ ഭൂമിയുടെ ആവശ്യമുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ കൊപ്പം വില്ലേജിൽ ലഭ്യമായ സ്ഥലം സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (ബി) : വ്യവസായ വകുപ്പിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികളൊന്നും തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ഇപ്പോൾ ലഭ്യമായ 3 ഏക്കർ വ്യവസായ ഭൂമി വിവിധ സംരംഭകർക്ക് ലഭ്യമാക്കി നിരവധി യൂണിറ്റുകളുള്ള വ്യവസായ എസ്റ്റേറ്റ് ഉടൻ പ്രവർത്തനക്ഷമമാക്കുന്നതാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ളതും എന്നാൽ നാട്ടുകാർ കയ്യേറിയതുമായ ഭൂമി കൂടി പ്രയോജനപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് വിപുലീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.